പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിന് പദ്ധതി

77 [1677] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും പിന്നോക്കം നില്ക്കുന്നവരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുവേണ്ടി സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി) നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാരിന്റെ പതിനഞ്ചിന പരിപാടിയിൽപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന കരിംപാലൻ, മാവിലൻ, നായാടി, വേടൻ എന്നീ വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ഒരു പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായുള്ള സാമൂഹ്യ സാമ്പത്തിക സർവ്വേ നടന്നുവരുന്നു.

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന തൊഴിൽദാന പദ്ധതി

78 [1678] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപവൽക്കരിച്ച പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന തൊഴിൽദാന പദ്ധതിക്ക് എന്തു തുക ചെലവു വരുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) ഹഡ്കോ ഇതിനായി എന്തു തുക സഹായം നൽകുന്നുണ്ട്;

(ഡി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണെന്നും ഇതര ധനകാര്യ സ്ഥാപനത്തിൽ നിന്നും എന്തു തുക ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഇ) കേരളത്തിൽ ഇപ്പോൾ എത്ര പിന്നോക്ക സമുദായങ്ങൾ ഉണ്ട്;

(എഫ്) മൊത്തം എത്ര പിന്നോക്കക്കാർ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പിന്നോക്കക്കാർക്കായുള്ള തൊഴിൽദാന പദ്ധതി പ്രകാരം ഈ വർഷം ഇതുവരെ എത്ര തുക ചെലവായിയെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഈ പദ്ധതിയിൽനിന്ന് ഇതിനുവേണ്ടി നാളിതുവരെ എന്തു തുക ചെലവായിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 78.61 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതികളാണ് പരിഗണനയിലുള്ളത്.

(ബി) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽനിന്നും ഈ സാമ്പത്തിക വർഷം ധനസഹായം ഒന്നും ലഭിച്ചിട്ടില്ല.

(സി) ഹഡ്കോയിൽ നിന്നും ഇതിനായി സാമ്പത്തികസഹായമൊന്നും ലഭിച്ചിട്ടില്ല.

(ഡി) ഈ സാമ്പത്തിക വർഷം ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന് അയച്ചുകൊടുത്തിട്ടുള്ള 52 പദ്ധതികൾക്ക് കണക്കാക്കിയിരിക്കുന്ന സംസ്ഥാന സർക്കാരിന്റെ വിഹിതം 7.86 കോടി രൂപയാണ്. ഇതര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്ത് ഉദ്യോഗസംവരണത്തിനായുള്ള മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇപ്പോൾ 76 സമുദായങ്ങളുണ്ട്.

(എഫ്) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ജി, എച്ച്) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും 1995 മാർച്ച് മാസത്തിൽ ലഭിച്ച 5.45 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതവും ചേർത്ത് 6.31 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

സ്വയം തൊഴിലിനായി പിന്നോക്ക സമുദായ കോർപ്പറേഷൻ സ്വീകരിച്ച അപേക്ഷകൾ

79 [1679] ശ്രീ. കെ. പി. മമ്മു മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക പട്ടികജാതി-സമുദായ ക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ നിലവിൽ വന്നതിനു ശേഷം ക്ഷേമ പദ്ധതികൾ നടപ്പാക്കിയത് മൂലം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വയം തൊഴിൽ പദ്ധതിക്കായി കോർപ്പറേഷൻവഴി എന്തു തുകയാണ് വിതരണം ചെയ്തത്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) സ്വയം തൊഴിലിനായി പിന്നോക്ക വിഭാഗ കമ്മീഷൻ ഏറ്റവും അവസാനമായി എന്നാണ് അപേക്ഷ ക്ഷണിച്ചത്; അതിൻമേൽ എന്തു നടപടി സ്വീകരിച്ചു; എത്ര അപേക്ഷകളാണ് ഇപ്രകാരം ലഭിച്ചത്; ഈ അപേക്ഷകരിൽ ആർക്കെങ്കിലും സ്വയം തൊഴിലിന് വായ്പ നൽകാൻ കഴിഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly